## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 103** | **10-10-2024 - ൽ മറുപടിയ്ക്ക്**

### തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടികൾ അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ സംബന്ധിച്ചും വിശദമാക്കുമോ; | (എ) | സർക്കാർ ഉത്തരവ് നമ്പർ GO(MS) No. 52/2009/PWD dated 14.08.2009, GO(Ms)5/2012/PWD dated 07.01.2012, GO(MS)No. 6/2013/PWD dated 15.01.2013 എന്നിവ പ്രകാരമാണ് അവസാനമായി തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ റോഡുകൾ വകുപ്പ് ഏറ്റെടുത്തത്. പൊതുമരാമത്ത് വകുപ്പിന്റെ കൈവശം അല്ലാത്തതും LSGD ക്ക് വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തതും ഉടമസ്ഥാവകാശത്തർക്കം നിലനിൽക്കുന്നതും പൊതുപ്രാധാന്യമുള്ളതുമായ റോഡുകളാണ് ഈ ഉത്തരവ് പ്രകാരം അന്ന് ഏറ്റെടുത്തത്. |
| (ബി) | പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ ഒറ്റത്തവണയായി നവീകരിച്ച നടപടികൾ എന്നാണ് അവസാനമായി നടപ്പാക്കിയത്; ഈ സർക്കാർ വന്നശേഷം ഇത്തരം അറ്റകുറ്റപ്പണികൾ നടപ്പാക്കിയിട്ടുണ്ടോയെന്നും ഇനി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്നും അറിയിക്കുമോ; | (ബി) | GO(MS)109/2015/PWD dated 21.12.2015 പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ആണ് അവസാനമായി One time Maintenance of Village roads /ODR പ്രകാരം പൊതുമരാമത്ത് വകുപ്പ് ചെയ്തിട്ടുള്ളത്. എന്നിരുന്നാലും 20% ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തുകയോ നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിനെ ചുമതലപ്പെടുത്തുകയോ ചെയ്യുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് റോഡുകളുടെ പ്രവൃത്തികൾ പൊതുമരാമത്ത് ഏറ്റെടുക്കാറുണ്ട്. |
| (സി) | പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ചേർക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നുണ്ടോ എന്നും ഇതിനായി എന്തു ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | ദേശീയപാതകളെയും സംസ്ഥാനപാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് |

| | | | |
|---|---|---|---|
| | ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി പൊതുജനം ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ? | | വകുപ്പ്  ഏറ്റെടുക്കുന്ന കാര്യത്തിൽ നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ